# INDIAN SCHOOL AL WADI AL KABIR

| CLASS: IX | DEPARTMENT: MALAYALAM | DATE : 22/08/2023 |
|---|---|---|
| Class Note | Lesson: Writers - 1 | Topic: Descriptive |

## എഴുത്തുകാരെ  അറിയുക

എഴുത്തുകാരെ അറിയുക



### പി. ഭാസ്കരൻ

**(1924–2007)**

കവി, ഗാനരചയിതാവ്, ചലച്ചിത്രകാരൻ, മാധ്യമപ്രവർത്തകൻ എന്നീ നിലകളിൽ പ്രശസ്തൻ. ദീർഘകാലം ആകാശവാണിയിൽ ജോലിചെയ്തു. ദീപിക പത്രാധിപർ, ഏഷ്യാനെറ്റിന്റെ ആദ്യചെയർമാൻ എന്നീ പദവികളും വഹിച്ചിട്ടുണ്ട്. പത്മശ്രീ, കേന്ദ്ര–കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ്, ജെ.സി. ഡാനിയേൽ അവാർഡ് എന്നീ ബഹുമതികൾക്ക് അർഹനായി. ഒറ്റക്കമ്പിയുള്ള തംബുരു, ഓർക്കുക വല്ലപ്പോഴും, വയലാർ ഗർജ്ജിക്കുന്നു, ഓടക്കുഴലും ലാത്തിയും, ഒരിക്കൽക്കൂടി, കായൽക്കാറ്റ്, രണഭേരി, കർഷകഗാനം, മുൾക്കിരീടം, മുഖത്തോടുമുഖം (കവിതകൾ), ദേശീയഗാനങ്ങൾ, സിനിമാഗാനങ്ങൾ, നാഴിയൂരിപ്പാല് (ഗാനസമാഹാരങ്ങൾ), കാടാറുമാസം, സിനിമാനിർമ്മാണം (ഉപന്യാസങ്ങൾ) എന്നിവയാണ് പ്രധാന കൃതികൾ.



### ഉള്ളൂർ എസ്. പരമേശ്വരയ്യർ

**(1877–1949)**

ചങ്ങനാശ്ശേരിയിൽ ജനനം. കവി, സാഹിത്യചരിത്രകാരൻ, ഗവേഷകൻ, നിരൂപകൻ, പത്രാധിപർ, തിരുവിതാംകൂർ ഗവൺമെന്റിലെ ദിവാൻപേഷ്കാർ തുടങ്ങിയ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു. ഉമാകേരളം (മഹാകാവ്യം), കേരളസാഹിത്യചരിത്രം (5 ഭാഗങ്ങൾ), കർണഭൂഷണം, പിംഗള, ചിത്രശാല, താരാഹാരം, തരംഗിണി, കല്പശാഖി, അമൃതധാര, അംബ മുതലായ കൃതികൾ രചിച്ചു.



### നിത്യചൈതന്യയതി

**(1924–1999)**

പത്തനംതിട്ടയിലെ വകയാറിൽ ജനിച്ചു. തത്ത്വചിന്തകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു. മനശ്ശാസ്ത്രം ജീവിതത്തിൽ, യതിചര്യ, മൂല്യങ്ങളുടെ കുഴമറിച്ചിൽ, നളിനി എന്ന കാവ്യശിൽപ്പം, സമ്യക്കായ ലോകവീക്ഷണം, എന്റെ മനസ്സിലെ ഗാന്ധി, പ്രേമവും ഭക്തിയും തുടങ്ങി നൂറിലേറെ മലയാളകൃതികൾ രചിച്ചിട്ടുണ്ട്. Neither this nor that തുടങ്ങി അൻപത്തിയെട്ടോളം ഇംഗ്ലീഷ് കൃതികളും രചിച്ചു. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.



### സക്കറിയ

കോട്ടയം ജില്ലയിലെ ഉരുളികുന്നത്ത് 1945 ജൂൺ 5 ന് ജനിച്ചു. ചെറുകഥാകൃത്തും നോവലിസ്റ്റുമാണ് പോൾ സക്കറിയ എന്ന സക്കറിയ. രചനകളുടെ ഇംഗ്ലീഷ് പരിഭാഷകളടക്കം മുപ്പതോളം കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡൽഹിയിൽ പ്രസാധന–മാധ്യമരംഗങ്ങളിൽ 20 വർഷത്തോളം പ്രവർത്തിച്ചു. സക്കറിയയുടെ 'ഭാസ്കരപട്ടേലരും എന്റെ ജീവിതവും' എന്ന നോവലെറ്റ് അടിസ്ഥാനമാക്കി അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത ചിത്രമാണ് 'വിധേയൻ' (1993). സലാം അമേരിക്ക, ഒരിടത്ത്, ആർക്കറിയാം, കണ്ണാടി കാണ്മോളവും, എന്തുണ്ടു വിശേഷം പീലാത്തോസേ?, ഇഷ്ടികയും ആശാരിയും എന്നിവ പ്രധാന കൃതികൾ.